# Malayala Manorama

## 19 August 2018

## Muvattupuzha, Flood, Widespread Damage

# പ്രളയം തകർത്ത് മൂവാറ്റുപുഴ

- പുഴകൾ കുറച്ചു പിൻവാങ്ങിയതോടെ കിഴക്കൻ മേഖല അൽപം ആശ്വാസത്തിൽ
- രക്ഷാപ്രവർത്തകരെത്താത്ത ഇടങ്ങളിൽ കുടുങ്ങി കിടക്കുന്നവർ അനേകം

മൂവാറ്റപുഴ • ജനജീവിതത്തെ കീഴ്മേൽ മറിച്ച സംഹാര താണ്ഡവത്തിനു ശേഷം പുഴകൾ അൽപമൊന്നു പിൻവാങ്ങിയതോടെ കിഴക്കൻ മേഖല അൽപം ആശ്വാസത്തിൽ. എന്നാൽ, രക്ഷാപ്രവർത്തകരെത്താത്ത ഇടങ്ങളിൽ കുടുങ്ങി കിടക്കുന്നവർ ഇനിയുമുണ്ടെന്ന റിപ്പോർട്ടുകൾ ആശങ്ക സൃഷ്ടിക്കുന്നുമുണ്ട്. ഇതുവരെ വെള്ളപ്പൊക്കത്തെ തുടർന്നു വിവിധ കേന്ദ്രങ്ങളിൽ കുടുങ്ങിയിരുന്ന 3500 പേരെയാണ് രക്ഷാപ്രവർത്തകർ സുരക്ഷിത തീരത്തെത്തിച്ചത്. നാട്ടുകാരുടെ നേതൃത്വത്തിൽ ഇപ്പോഴും സഹായത്തിനായി കാത്തിരിക്കുന്നവരെ തേടിയുള്ള അന്വേഷണം തുടരുന്നുണ്ട്. അഗ്നിശമന സേനയുടെ ഒരു ബോട്ടും നാട്ടുകാർ വിവിധ സ്ഥലങ്ങളിൽ നിന്നെത്തിച്ച വഞ്ചികളും മറ്റുമായാണ് ഇന്നലെ ഉച്ചയ്ക്കു ശേഷം രക്ഷാദൗത്യം തുടർന്നത്. പ്രളയത്തിൽ ഇതുവരെ മൂവാറ്റുപുഴയിൽ ആറു പേരാണ് മരിച്ചത്. പലരെയും കാണാതായിട്ടുണ്ടെന്നു ബന്ധുക്കൾ പൊലീസിലും മറ്റും പരാതിപ്പെട്ടിട്ടുമുണ്ട്. മൂവാറ്റുപുഴ താലൂക്കിൽ 93 ദുരിതാശ്വാസ ക്യാംപുകളിലായി ഇപ്പോൾ 20,572 പേരാണുള്ളത്.

## ടൺ കണക്കിന് അരി നശിച്ചു

മൂവാറ്റുപുഴ • ഒരു മണി അരിക്കായി നാട്ടുകാർ നെട്ടോട്ടം ഓടുമ്പോൾ വെള്ളം കയറി നശിച്ചത് ടൺ കണക്കിന് അരി. അരി മാത്രമല്ല, പലവ്യഞ്ജനങ്ങളും ഓണ വിപണി മുന്നിൽ കണ്ടു ശേഖരിച്ചിരുന്ന സർവതും വെള്ളത്തിൽ നശിച്ചു. ഇന്നലെ വെള്ളം ഒഴിഞ്ഞപ്പോൾ കടകൾ തുറക്കാനെത്തിയ വ്യാപാരികൾ തലയിൽ കൈവച്ചു നിലവിളിക്കുന്ന കാഴ്ചയായിരുന്നു മൂവാറ്റുപുഴ മാർക്കറ്റിലും പരിസരത്തും. വ്യാപാരശാലകൾക്കു മുന്നിൽ വെള്ളം കയറി നശിച്ച അരിയും മറ്റും ധാന്യങ്ങളും കുന്നുകൂട്ടിയിട്ടിരിക്കുന്നതും കാണാമായിരുന്നു. 75 കോടി രൂപയുടെ വ്യാപാര നഷ്ടമാണ് പ്രാഥമിക കണക്കെടുപ്പിൽ ഉണ്ടായിരിക്കുന്നതെന്നാണ് വ്യാപാരികൾ പറയുന്നത്. ഇതിനിടെ വെള്ളൂർകുന്നത്തുള്ള പിജെജെ സ്റ്റോറിലെ മുഴുവൻ സാധനങ്ങളും കവർന്നു. മാർക്കറ്റിലുള്ള ചില സ്ഥാപനങ്ങളിലും സമാനമായ തരത്തിൽ കൊള്ള നടന്നു.